**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ് - കാസറഗോഡ് ജില്ലയിലെ ചെങ്കള ഗ്രാമ പഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്കും നിലവിൽ ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്തിലെ അക്കൗണ്ടന്റുമായ ശ്രീമതി.വിജയ ലക്ഷ്മി.ആർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) 2703/17 നമ്പർ കേസ്സിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 21.11.2017 ന് പുറപ്പെടുവിച്ച ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

**സ.ഉ(സാധാ)നം.2502/2018/തസ്വഭവ തീയതി, തിരുവനന്തപുരം.26/09/2018**

---

പരാമർശം: 1. 14.6.1994 ലെ 36/94/ധന നമ്പർ സർക്കുലർ.

2. സ.ഉ(സാധാ) നം 737/15/തസ്വഭവ, തീയതി 16.03.2015.

3. ശ്രീമതി. വിജയലക്ഷ്മി.ആർ ഫയൽ ചെയ്ത OA(EKM) 2703/17 നമ്പർ കേസ്സിന്മേലുള്ള ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 21.11.2017 ലെ ഉത്തരവ്.

4. ശ്രീമതി. വിജയ ലക്ഷ്മി.ആറിന്റെ 02.02.2018 അപേക്ഷ.

5. പഞ്ചായത്ത് ഡയറക്ടറുടെ 05.02.2014 ലെ ഇ 4-04/12 നമ്പർ നടപടിക്രമം.

6. പഞ്ചായത്ത് ഡയറക്ടറുടെ 08.03.2018 ലെ ഇ 13-24151/16 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസറഗോഡ് ജില്ലയിലെ ചെങ്കള ഗ്രാമ പഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്കും നിലവിൽ ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്തിലെ അക്കൗണ്ടന്റുമായ ശ്രീമതി.വിജയ ലക്ഷ്മി.ആർ സമർപ്പിച്ച OA(EKM) 2703/17 നമ്പർ കേസ്സിന്മേൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ അപേക്ഷക ഒരു മാസത്തിനുള്ളിൽ സർക്കാരിൽ അധികമായി ഒരു നിവേദനം കൂടി സമർപ്പിക്കണമെന്നും ഒന്നാം എതിർ കക്ഷി അനക്സർ A11 നിവേദനം സഹിതം പരിശോധിച്ച്, അപേക്ഷകയെ നേരിൽ കേട്ട് ഉത്തരവ് ലഭിയ്ക്കുന്ന തീയതി മുതൽ 3 മാസത്തിനുള്ളിൽ തീർപ്പാക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

2. ശ്രീമതി.വിജയലക്ഷ്മി.ആറിന്റെ 02.05.2012 മുതൽ 21.02.2013 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അവധി അപേക്ഷ പരിശോധിക്കുകയും പരാമർശം(1) സർക്കുലറിൽ നിഷ്കർഷിക്കും പ്രകാരം രണ്ടാം

വൈദ്യപരിശോധനയ്ക്കുള്ള അവസരം നഷ്ടപ്പെടുത്തിയതിനാൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേവതനാവധിയ്ക്ക് അർഹതയില്ലെന്ന് കണ്ട് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെയുള്ള ശൂന്യവേവതനാവധിയായി ക്രമീകരിച്ചുകൊണ്ട് പരാമർശം(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ സമർപ്പിച്ച റിവ്യൂ ഹർജി ഉചിതമാർഗ്ഗേണ എന്ന് രേഖപ്പെടുത്തിയ അഡ്വാൻസ് കോപ്പി ആണെന്ന് കണ്ട് നടപടി എടുക്കാതെ ഫയൽ തീർപ്പാക്കിയിരുന്നു. ശ്രീമതി.വിജയ ലക്ഷ്മി.ആറിന്റെ 02.05.2012 മുതൽ 21.02.2013 വരെയുള്ള കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ അല്ലാതെ ശൂന്യവേതനാവധിയായി ക്രമവല്ക്കരിച്ചത് പുന:പരിശോധിച്ച് മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധിയായി ക്രമവല്ക്കരിയ്ക്കണമെന്നാണ് അനക്സർ A11 നിവേദനം മുഖാന്തിരം അഭ്യർത്ഥിച്ചിരിക്കുന്നത്.

3. കാസറഗോഡ് ജില്ലയിലെ ചെങ്കള ഗ്രാമപഞ്ചായത്തിലെ മുൻസീനിയർ ക്ലാർക്കായിരുന്ന ശ്രീമതി.വിജയലക്ഷ്മി.ആറിന്റെ 02.05.2012 മുതൽ 90 ദിവസത്തെ ശൂന്യവേതനാവധി കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അനുവദിച്ചുവെന്നും ആയതിനുശേഷം 8 മാസത്തേക്കുകൂടി അവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷ നൽകിയ സാഹചര്യത്തിൽ അവധി റദ്ദ് ചെയ്തുകൊണ്ട് 02.05.2012 മുതൽ 364 ദിവസത്തെ ശൂന്യവേതനാവധിക്കായി മെഡിക്കൽ സർട്ടിഫിക്കറ്റുകൾ സഹിതം അപേക്ഷ സമർപ്പിക്കുകയും, ശ്രീമതി.വിജയലക്ഷ്മി ശൂന്യവേതനാവധിക്കു ശേഷം സേവനത്തിൽ പുനഃപ്രവേശിപ്പിച്ചോ എന്ന കാര്യം വ്യക്തമാക്കുന്നതിനും പ്രവേശിപ്പിച്ചിട്ടുണ്ടെങ്കിൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനും അല്ലാത്ത പക്ഷം രണ്ടാം വൈദ്യപരിശോധനാ റിപ്പോർട്ട് വാങ്ങി സമർപ്പിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ആലപ്പുഴ ജില്ലയിൽ നിയമനം നൽകുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം(5) നടപടി ക്രമം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന സമർപ്പിച്ച ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.വിജയലക്ഷ്മി ആലപ്പുഴ ജില്ലയിലെ പത്തിയൂർ ഗ്രാമ പഞ്ചായത്തിൽ 22.02.2013 ൽ ജോലിയിൽ പ്രവേശിച്ചു. തുടർന്ന് ശ്രീമതി.വിജയലക്ഷ്മി അപേക്ഷിച്ചിരുന്ന 364 ദിവസത്തെ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധിക്കാലയളവ് പൂർത്തീകരിക്കും മുമ്പ് 22.02.2013 ൽ സേവനത്തിൽ പുനഃപ്രവേശിപ്പിച്ചതിനാൽ പുതുക്കിയ അവധി അപേക്ഷ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. അപ്രകാരം ലഭിച്ച അവധി അപേക്ഷ വിശദമായി പരിശോധിക്കുകയും ശ്രീമതി.വിജയലക്ഷ്മി ജോലിയിൽനിന്നും വിട്ടുനിൽക്കുന്ന കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം 1 ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതനാവധിയായി ക്രമവത്ക്കരിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

4. ബഹു. ട്രിബ്യൂണലിന്റെ 21.11.2017 ലെ ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. വിജയലക്ഷ്മി.ആർ-നെ 08.03.2018-ൽ തദ്ദേശസ്വയംഭരണ ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. അവധിയപേക്ഷകൾ യഥാസമയം നിയന്ത്രണാധികാരി മുൻപാകെ സമർപ്പിച്ചിട്ടുള്ളതായും പരാമർശം (2)ൽ പറയും പ്രകാരം ഓഫീസിൽ അനധികൃതമായി ഹാജരില്ലായ്മയിൽ അല്ലായിരുന്നുവെന്നും ചെങ്കള ഗ്രാമപഞ്ചായത്തിൽ 22.05.2010 ന് സീനിയർ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ച തനിക്ക്

02.05.2012 മുതൽ 29.08.2012 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 120 ദിവസത്തെ ശൂന്യവേതനാവധി രണ്ട് ഘട്ടങ്ങളിലായി ചെങ്കള ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിക്കുകയും അതിന്റ തുടർച്ചയായി അവധി അപേക്ഷ സമർപ്പിച്ചപ്പോൾ അവധിയുടെ കാലയളവ് 120 ദിവസത്തിൽ കൂടുതൽ വരുന്നതിനാൽ ഉചിതമാർഗ്ഗേണ സർക്കാരിലേയ്ക്ക് അവധി അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്. എന്നാൽ അവധിയ്ക്ക് അപേക്ഷിച്ചിരുന്ന കാലയളവ് അവസാനിക്കുന്നതിന് മുമ്പ് ആലപ്പുഴ ജില്ലയിലേയ്ക്ക് അലോട്ട് ചെയ്യുകയും അതനുസരിച്ച് 22.02.2013 ൽ പത്തിയൂർ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചെന്നും 02.05.2012 മുതൽ 21.02.2013 വരെയുള്ള ശൂന്യവേതനാവധി മെഡിക്കൽ സർട്ടിഫിക്കറ്റോടുകൂടി ക്രമവല്ക്കരിക്കണമെന്നും അപേക്ഷക നേർ വിചാരണ സമയത്ത് അറിയിക്കുകയുണ്ടായി

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. Allergic bronchitis, rheumatoid arthritis എന്നീ അസുഖങ്ങൾക്കാണ് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി ആവശ്യപ്പെട്ടിരിക്കുന്നത്. ഒരേ മെഡിക്കൽ സർട്ടിഫിക്കറ്റിൽ rheumatoid arthritis, ovarian cyst എന്നീ വ്യത്യസ്ത അസുഖത്തിന് വിശ്രമം ആവശ്യമാണെന്ന് രേഖപ്പെടുത്തിയിട്ടുമുണ്ട്. 02.05.2012 മുതൽ 21.02.2013 വരെ ഏകദേശം ഒരു വർഷത്തോളമുള്ള ശൂന്യവേതനാവധിയിൽ പ്രവേശിച്ചതിന് ശേഷം രണ്ട് വർഷവും കഴിഞ്ഞ് അവധി അനുവദിക്കുവാൻ ലഭ്യമാക്കുമ്പോൾ അസുഖത്തിന്റെ വിശ്വസനീയത തെളിയിക്കുവാൻ പ്രയാസമാണ്. ശ്രീമതി.വിജയലക്ഷ്മി കാസറഗോഡ് ജില്ലയിൽ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിച്ച് വരവേ 02/05/2012 മുതൽ 364 ദിവസത്തേക്ക് ശൂന്യവേതനാവധി അപേക്ഷ സമർപ്പിക്കുകയും ഇതിനിടയിൽ 29/12/2012 ൽ ശ്രീമതി.വിജയലക്ഷ്മി തദ്ദേശസ്വയംഭരണ സെക്രട്ടറിക്ക് സമർപ്പിച്ച നിവേദനത്തിൽ കായംകുളത്ത് സ്ഥിരതാമസക്കാരിയായ ശ്രീമതി.വിജയലക്ഷ്മിക്ക് ടിയാളുടെ സാന്നിദ്ധ്യം വീട്ടിൽ അത്യന്താപേക്ഷിതമാണെന്നും, ആലപ്പുഴ ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം കിട്ടാത്തതിനാലും മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധിക്ക് അപേക്ഷിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഒരു സർവ്വീസ് ആനുകൂല്യത്തിനും കണക്കാക്കുകയില്ല എന്നത് ശൂന്യവേതനാവധിയുടെ കാതലായ തത്വമാണ്. ഇതിന് ഒരു മാറ്റം വരുന്നത് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ അനുവദിക്കുമ്പോൾ മാത്രമാണ്. ജീവനക്കാർ അവരുടെ വ്യക്തിപരമായ ആവശ്യത്തിലേയ്ക്ക് ചെറിയ അസുഖത്തിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം എല്ലാ ആനുകൂല്യങ്ങളോടെ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി അനുവദിക്കുന്നത് ദുരുപയോഗം ചെയ്യാതിരിക്കുന്നതിനാണ് പരാമർശം (1) പ്രകാരമുള്ള സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. അപേക്ഷക കാസറഗോഡ് ജില്ലയിലേയ്ക്ക് നിയമനം ലഭിച്ചപ്പോൾ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ പല ഘട്ടങ്ങളിലായി അവധി അപേക്ഷ നൽകുകയും സൗകര്യപ്രദമായ സ്ഥലമായ ആലപ്പുഴയിൽ നിയമനം ലഭിച്ചപ്പോൾ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള അവധി അപേക്ഷ റദ്ദ് ചെയ്ത് 21.03.2013 ൽ ജോലിയിൽ പുന:പ്രവേശിക്കുകയും ചെയ്തു. അതുകൊണ്ടുതന്നെ ടിയാളുടെ മെഡിക്കൽ സർട്ടിഫിക്കറ്റിൽ വിശ്വാസ്യത ഇല്ല. മാത്രവുമല്ല പരാമർശം(1) സർക്കുലറിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ പാർട്ട് 1 ചട്ടം 118 പ്രകാരമുള്ള രണ്ടാം വൈദ്യപരിശോധനയ്ക്കുള്ള അവസരം ഇല്ലാത്ത സാഹചര്യത്തിലും കാസറഗോഡ് ജില്ലയിലെ ചെങ്കള ഗ്രാമപഞ്ചായത്തിലെ മുൻസീനിയർ ക്ലാർക്കും നിലവിൽ ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റുമായ ശ്രീമതി.വിജയലക്ഷ്മി.ആറിന്റെ 02.05.2012 മുതൽ 21.02.2013 വരെയുള്ള കാലയളവിലെ ഹാജരില്ലായ്മക്കാലയളവ് പരാമർശം (1) പ്രകാരം

രണ്ടാം വൈദ്യപരിശോധനയ്ക്കുള്ള അവസരം ഇല്ലാത്ത സാഹചര്യത്തിലും സ്വന്തം ജില്ലയായ ആലപ്പുഴയിൽ നിയമനം ലഭിച്ചയുടൻ തന്നെ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള അവധി റദ്ദു ചെയ്തു ജോലിയിൽ പ്രവേശിച്ചു തുടർന്നു വരുന്നതുമാണ് എന്നതിനാൽ അതിന്റെ ആധികാരികത ഉറപ്പുവരുത്താൻ കഴിയാത്തതിനാലും മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധിയായി കണക്കാക്കണമെന്ന പരാതിക്കാരി അനക്സർ A11 പ്രകാരം ഉന്നയിച്ച ആവശ്യം നിരസിച്ചുകൊണ്ടും പരാമർശം (3) പ്രകാരമുള്ള ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 21.11.2017 ലെ ഉത്തരവ് ഇപ്രകാരം പാലിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**
**ഗവ. അഡീഷണൽ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി,അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, ചെങ്കള ഗ്രാമപഞ്ചായത്ത്, കാസറഗോഡ്(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീമതി. ശ്രീമതി.വിജയ ലക്ഷ്മി.ആർ, അക്കൗണ്ടന്റ്, അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ധനവകുപ്പ്(16.08.2018 ലെ 213/ഡെവ 1/18/ധന നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ആഫീസ് പകർപ്പ്. (EPA1/35/18/LSGD നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ